**ചോദ്യോത്തരം**

**മുജീബ്**

# ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാം

■ *“കർമശാസ്ത്രപരമായി ഒരു മുസ്‌ലിമിന് എങ്ങനെ ബഹുസ്വര സമൂഹത്തിൽ ജീവിക്കാം എന്നതിന്റെ ഉത്തമ നിദർശനമായിരുന്നു മദീനാകരാർ. ജൂതരും ക്രിസ്ത്യാനികളും ഭൂരിപക്ഷവും മുസ്‌ലിംകൾ ന്യൂനപക്ഷവുമായ മദീനയിൽ വെച്ചാണ് പ്രവാചകൻ മദീനാ കരാർ ഉണ്ടാക്കുന്നത്. ഈ ചരിത്ര പ്രധാനമായ കരാറിനെ അഗണ്യകോടിയിൽ തള്ളിയാണ് മൗലാനാ മൗദൂദിയെപോലുള്ളവർ ഇന്ത്യയെപോലുള്ള ബഹുസ്വര സമൂഹത്തിലെ മുസ്‌ലിംകളുടെ പ്രവർത്തന രീതികളും ഉദ്ദേശ്യലക്ഷ്യങ്ങളും നിർവചിച്ചത്. ജനാധിപത്യത്തെയോ ബഹുസ്വരതയെയോ മതേതരത്വത്തെയോ ദേശീയതയെയോ അംഗീകരിക്കാത്ത മൗദൂദി നിർദേശിച്ച മാർഗം ‘ലളിത’മായിരുന്നു - ഹുകൂമത്തെ ഇലാഹി. ഇസ്‌ലാമിക ഭരണസംസ്ഥാപനം.*

*ബഹുസ്വര സമൂഹത്തിൽ എങ്ങനെ ഒരു മുസ്‌ലിമിന് ജീവിക്കാം എന്നതിന് വിശുദ്ധ ഖുർആനിലും നബിചര്യയിലും മദീനാ കരാറിന്റെ രൂപത്തിൽ ഉത്തമദൃഷ്ടാന്തമുണ്ടായിട്ടും വർഗീയതയുടെ ഉൽപാദനത്തിൽ മാത്രം കലാശിക്കുന്ന ഇസ്‌ലാമിക രാഷ്ട്ര സൃഷ്ടിയാണ് മൗദൂദിയും സയ്യിദ് ഖുത്വ്ബുമൊക്കെ നിർദേശിച്ചത്.” (കെ.എം ഷാജി, ചന്ദ്രിക ദിനപത്രം, 28 ജൂലൈ 2009) ഇപ്പറഞ്ഞത് എത്രകണ്ട് ശരിയാണ്?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**യൂ**ത്ത്‌ലീഗ് പ്രസിഡന്റ് എപ്പോഴാണ് ഇസ്‌ലാമിക കർമശാസ്ത്രം പഠിച്ചതെന്നും എന്ന് മുതൽക്കാണ് അദ്ദേഹം ശരീഅത്ത് വിദഗ്ധനായതെന്നും ഇനി അറിഞ്ഞിട്ട് വേണം. വാളെടുത്തവനെല്ലാം വെളിച്ചപ്പാടാവില്ല. ആരോ എവിടെയോ എഴുതിയതിൽനിന്ന് എന്തോ ചിലത് പശ്ചാത്തലത്തിൽനിന്ന് അടർത്തിയെടുത്ത് ദാർശനിക ഭാവത്തിൽ അവതരിപ്പിക്കുകയാണ് കുറച്ചുകാലമായി ഇക്കൂട്ടർ.

മുസ്‌ലിംകൾ ഒരു ബഹുസ്വര സമൂഹത്തിലും ജീവിച്ചുകൂടെന്നോ ജീവിക്കുന്നേടത്തൊക്കെ ഹുകൂമത്തെ ഇലാഹി സ്ഥാപിക്കുകയാണ് അവരുടെ ജോലിയെന്നോ, ഒരു ന്യൂനപക്ഷം വിചാരിച്ചാൽ ഇസ്‌ലാമിക ഭരണകൂടം സ്ഥാപിതമാവുമെന്നോ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി എവിടെയും പറയുകയോ എഴുതുകയോ ചെയ്തിട്ടില്ല. ഭൂമിയിൽ ദൈവത്തിന്റെ ജീവിത വ്യവസ്ഥ സ്ഥാപിക്കുക എന്നാൽ വർഗീയത സൃഷ്ടിക്കുക എന്ന് അർഥവും ഇല്ല. മഹാത്മാഗാന്ധിയെ പോലും ഹഠാദാകർഷിച്ച ഉമറുൽ ഫാറൂഖിന്റെ മാതൃകാഭരണം ഇന്ത്യയിൽ സ്ഥാപിതമാവുമെങ്കിൽ നേരെ ചൊവ്വെ ജീവിക്കുന്നവരാരും അതിനെ ഭയപ്പെടേണ്ട കാര്യവുമില്ല. ക്രിമിനലുകൾ ഏത് സമുദായക്കാരായാലും ഭയപ്പെടുന്നുണ്ടാവും, അത് വേറെ കാര്യമാണ്. വ്യക്തികളിൽ ദൈവഭയവും പ്രവാചക സ്നേഹവും പരലോക വിശ്വാസവും ഉണ്ടാക്കി അവരെ സംസ്കരിച്ചുകൊണ്ട് ക്രമാനുഗതമായി സമൂഹ സംസ്കരണവും തുടർന്നു രാഷ്ട്ര നിർമിതിയും സാധ്യമാകുന്ന പ്രക്രിയയുടെ പേരാണ് ഹുകൂമത്തെ ഇലാഹി അഥവാ ദൈവരാജ്യം. സമാധാനപരമായ പ്രബോധനത്തിലൂടെയും സഹന സമരത്തിലൂടെയും നേടിയെടുക്കേണ്ടതാണീ ലക്ഷ്യം. സുദീർഘമായ കാലയളവ് നിശ്ചയമായും അതാവശ്യപ്പെടുന്നു. അതിനായുള്ള ധാർമിക പോരാട്ടം സുസാധ്യമാക്കാനും അന്തരീക്ഷം പരമാവധി അനുകൂലമാക്കാനും ആദർശശാലികളായ മുസ്‌ലിംകൾ സഹോദര സമുദായങ്ങളെ പ്രബോധിതരായി കരുതി അവരോട് പരമാവധി സൗഹൃദത്തിലും സ്നേഹത്തിലും പെരുമാറണം. അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളികളാവണം. പൊതുനന്മക്കായും പൊതുതിന്മയുടെ വിപാടനത്തിനായും അവരോടൊത്ത് പണിയെടുക്കണം. ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഒരു മതനിരപേക്ഷ ജനാധിപത്യ ഭരണഘടനയും വ്യവസ്ഥയും നിലവിലിരിക്കെ അതിനെ ശക്തിപ്പെടുത്തുകയല്ലാതെ പുതിയൊരു കരാ

റിന്റെയും ആവശ്യമോ പ്രസക്തിയോ ഇല്ല. എന്നുവെച്ച് അഴിമതിയും അധാർമികതയും നീതിനിഷേധവും മനുഷ്യാവകാശ ലംഘനങ്ങളും അരങ്ങുതകർക്കുമ്പോൾ അതിൽനിന്ന് വിഹിതം പറ്റലും അതിൽ പങ്കാളികളാകലുമാണ് മുസ്‌ലിംകളുടെ രാഷ്ട്രീയം എന്ന് ഇസ്‌ലാമിക പ്രസ്ഥാനം മനസ്സിലാക്കിയിട്ടില്ല. മുഹമ്മദ് നബി(സ)യുടെ മദീനാ കരാറുകൾ ഇതിന് മാതൃകയാക്കുന്ന വിദ്യ പഠിച്ചിട്ടുമില്ല. മദീനയുടെ പ്രതിരോധത്തിനായി നബി(സ) യഹൂദ ഗോത്രങ്ങളുമായി കരാറുണ്ടാക്കി. കരാർ അവർ ലംഘിച്ചപ്പോൾ സൈനിക നടപടികളും സ്വീകരിച്ചു. പ്രവാചകൻ മദീനയിലെത്തിയ ആദ്യഘട്ടത്തിൽ മുസ്‌ലിംകൾ സ്വാഭാവികമായും ന്യൂനപക്ഷമായിരുന്നു; പത്താം വർഷം പരലോകം പ്രാപിക്കുമ്പോൾ ഭൂരിപക്ഷവും. നിരന്തരവും ത്യാഗപൂർണവുമായ പ്രബോധനങ്ങളിലൂടെയാണത് സാധിച്ചത്. ഖിയാമത്ത് നാൾവരെ ന്യൂനപക്ഷ പിന്നാക്ക സമുദായമായി സംവരണവും ചോദിച്ചു കഴിയേണ്ടവരാണ് മുസ്‌ലിംകളെന്നും അധാർമിക ഭരണകൂടങ്ങളുടെ പങ്കാളിത്തമാണ് അവരുടെ ലക്ഷ്യമെന്നും ഖുർആനോ പ്രവാചകനോ പഠിപ്പിച്ചിട്ടില്ല. മതനിരാസപരമായ മതേതരത്വവും രണോത്സുക അതിദേശീയതയും ഇസ്‌ലാമികാധ്യാപനങ്ങളല്ല. തത്ത്വാധിഷ്ഠിത ധാർമികതയും വിശ്വമാനവികതയുമാണ് ഇസ്‌ലാം വിളംബരം ചെയ്യുന്നത്. അതാണ് മൗദൂദി ആയുഷ്കാലം മുഴുവൻ ഉയർത്തിപ്പിടിച്ചതും.

## ഇഖ്‌വാനും ജമാൽ അബ്ദുന്നാസിറും

■ *പി.കെ ജമാൽ എഴുതിയ (പ്രബോധനം 2009 മെയ് 23) 'ഡോ. ഹസൻ ഹത്ഹൂത്തിനെ ഓർക്കുമ്പോൾ' എന്ന ലേഖനത്തിൽനിന്ന്:*

*"ഒരു തവണ അസ്‌യൂത്വിൽ ചെന്ന് ഒരു പ്രഭാഷണം നടത്താൻ ഹസനുൽ ബന്നാ എന്നോടാവശ്യപ്പെട്ടു. എനിക്കവിടെ ഒരു ബന്ധുവുമുണ്ടായിരുന്നു. സൈനിക ഓഫീസർ. വേറെയും കുറെ സൈനിക സുഹൃത്തുക്കൾ സന്നിഹിതരായിരുന്നു പ്രഭാഷണം കേൾക്കാൻ. വിപ്ലവം നടന്ന് ജമാൽ അബ്ദുന്നാസിർ വിശ്രുതനായപ്പോഴാണ്, അന്ന് എന്റെ ബന്ധുവായ സൈനികോദ്യോഗസ്ഥനോടൊപ്പം പ്രഭാഷണം ശ്രവിക്കാൻ ഇരുന്ന വ്യക്തി ജമാൽ അബ്ദുന്നാസിറാണെന്ന് ഞാൻ തിരിച്ചറിഞ്ഞത്. ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനിൽ അംഗമായിരുന്നു എന്ന് പിന്നീടാണ് ഞങ്ങൾ മനസ്സിലാക്കിയത്. പക്ഷേ ഹസനുൽ ബന്നാ അക്കാര്യം ഞങ്ങളോട് സൂചിപ്പിച്ചിരുന്നില്ല. ജമാൽ അബ്ദുന്നാസിറിനും ഹസനുൽ ബന്നാക്കുമിടയിൽ അധികമാരും അറിയാത്ത പല രഹസ്യങ്ങളും ഉണ്ടായിരുന്നു."*

*ഇഖ്‌വാനെ കുറിച്ച നാളിതുവരെയുള്ള പഠനത്തിൽ ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനിൽ അംഗമായിരുന്നുവെന്ന് അറിയാൻ സാധിച്ചിട്ടില്ല. സയ്യിദ് ഖുത്വ്ബിനെ തൂക്കിലേറ്റുകയും ഹസനുൽ ബന്നായെ വെടിവെച്ച് കൊല്ലുകയും സൈനബുൽ ഗസ്സാലി അടക്കമുള്ള ഇഖ്‌വാൻ നേതാക്കളെ തുറുങ്കിൽ അടക്കുകയും ചെയ്ത അറബ് ദേശീയവാദിയായ ജമാൽ അബ്ദുന്നാസിർ എങ്ങനെയാണ് ഇഖ്‌വാനിൽ അംഗമായത്?*

***മുനവ്വർ വളാഞ്ചേരി, ദൈദ് ഷാർജ***

മുഹമ്മദ് നജീബും അബ്ദുന്നാസിറും ചേർന്നു പട്ടാളത്തിൽ ഫ്രീ ഓഫീസേഴ്സ് ക്ലബ് ഉണ്ടാക്കി ഫാറൂഖ് രാജാവിനെതിരെ സൈനിക വിപ്ലവത്തിന് പരിപാടിയിട്ടപ്പോൾ വിപ്ലവാനന്തര ഭരണകൂടത്തിന് ജനപിന്തുണ ഉറപ്പാക്കേണ്ടത് അനുപേക്ഷ്യമായി വന്നു. അന്ന് ജനപിന്തുണ ഇഖ്‌വാന്റെ സ്ഥാപക നേതാവ് ഹസനുൽ ബന്നാക്ക് ആയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ പിന്തുണ നേടിയെടുക്കാൻ ശ്രമം തുടങ്ങി. ബന്നായുമായി ഉറ്റസൗഹൃദം പുലർത്തിയിരുന്ന അൻവർ സാദാത്തിനെയാണ് അവരതിന് ഉപയോഗിച്ചത്. വിപ്ലവാനന്തരം ഇസ്‌ലാമിക ജനാധിപത്യവ്യവസ്ഥ സ്ഥാപിക്കുക എന്ന ഉപാധിയോടെ ഇഖ്‌വാൻ പിന്തുണ നൽകുകയും ചെയ്തു - ഇതാണ് പൊതുവെ അറിയപ്പെടുന്ന ചരിത്രം. അബ്ദുന്നാസിറല്ല, ഫാറൂഖ് രാജാവിന്റെ കിങ്കരന്മാരായിരുന്നു ഹസനുൽ ബന്നായെ വെടിവെച്ചുകൊന്നത്. വിപ്ലവാനന്തരം ജനറൽ മുഹമ്മദ് നജീബിനെ സ്ഥാനഭ്രഷ്ടനാക്കി അധികാരമേറ്റ ജമാൽ അബ്ദുന്നാസിർ വാഗ്ദാനം ലംഘിച്ചു ഇഖ്‌വാനെ നിരോധിക്കുകയും അതിന്റെ പ്രമുഖ നേതാക്കളെ തൂക്കിലേറ്റുകയും ചെയ്തത് പിൽക്കാല സംഭവങ്ങളാണ്. പട്ടാളത്തിൽ കേണലായിരിക്കെ ഇഖ്‌വാനിൽ അദ്ദേഹം അംഗമായിരുന്നിരിക്കാൻ സാധ്യത കുറവാണ്.

## ശിഹാബ് തങ്ങളുടെ വംശാവലി

■ *ശിഹാബ് തങ്ങളുടെ മരണവുമായി ബന്ധപ്പെട്ട് കേരളത്തിലെ ഒരു പത്രം നബി(സ)യുടെ വംശാവലി പ്രസിദ്ധീകരിക്കുകയുണ്ടായി. വ്യക്തിയുടെ വംശാവലി അത് എത്ര ശരിയായിരുന്നാൽ പോലും അത് പ്രവാചക തിരുമേനിയിലേക്ക് ചേർത്തുപറയുന്നത് ശരിയാണോ? ലോകത്ത് വന്നുപോയ മുഴുവൻ മനുഷ്യരുടെയും വംശാവലി പരിശോധിച്ചാൽ ആദിപിതാവും ആദ്യ പ്രവാചകനുമായ ആദം നബിയിലേക്കാണ് ചെന്ന് ചേരുക. അപ്പോൾ എല്ലാവരും ആദം നബി(അ)യുടെ പേരക്കിടാങ്ങളല്ലേ? ആയതിനാൽ പേരിനോട് ചേർത്ത് പ്രവാചകന്റെ വംശപരമ്പര പറയുന്നതിന്റെ ഇസ്‌ലാമിക കാഴ്ചപ്പാട് എന്താണ്?*

***ഹാറൂൺ തങ്ങൾ കിളികൊല്ലൂർ***

മുഹമ്മദ് നബി(സ)യുടെ ആൺമക്കൾ ശൈശവത്തിലേ നിര്യാതരായി. പെൺമക്കളിൽ ഫാത്വിമ(റ)ക്ക് അലി(റ)ൽനിന്നുണ്ടായ സന്താന പരമ്പരയോട് ചേർത്താണ് സയ്യിദുമാർ എന്ന തങ്ങന്മാർ അറിയപ്പെടുന്നത്. ഈ വംശാവലിയിൽ ധാരാളം വെള്ളവും മായവുമൊക്കെ പിന്നീട് ചേർത്തതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഒരാൾ തന്റെ വംശാവലി സൂക്ഷിക്കുകയും അതൊരുവേള ആദമി(അ)ലേക്ക് തന്നെ എത്തുകയും ചെയ്താലും അത് തെറ്റാണെന്ന് പറയാൻ കാരണമൊന്നുമില്ല. മുഹമ്മദ് നബി(സ)യുടെ തന്നെ അദ്നാൻ വരെയുള്ള വംശാവലി നബിചരിതത്തിന്റെ ഭാഗമാണല്ലോ. വംശാവലി സൂക്ഷിക്കുക അറബികളുടെ പൊതു സമ്പ്രദായമാണ്. നമ്മുടേത് പോലെ വീട്ടുപേർ ചേർത്തല്ല പിതാവിന്റെയും പിതാമഹന്റെയും പേരുകൾ ചേർത്താണ് അറബികൾ അറിയപ്പെടാറ്.

## മതവും കുടുംബാസൂത്രണവും

■ *"മനുഷ്യർ പരമാവധി പെറ്റുപെരുകണമെന്നായിരുന്നു പുരാതനകാലത്തെ ഭരണാധികാരികളും മതാചാര്യന്മാരും ആവശ്യപ്പെട്ടിരുന്നത്. എന്നാലിന്ന് ലോകത്ത് കത്തോലിക്കാ സഭ മാത്രമാണ് ജനനനിയന്ത്രണത്തെ എതിർക്കുന്നത്. ഇത് ഔപചാരികമായ എതിർപ്പ് മാത്രമാണ്. സഭാവിശ്വാസികൾ കൂടുതലുള്ള പ്രദേശങ്ങളിലെല്ലാം ഗർഭനിരോധന മാർഗങ്ങളും ജനനനിയന്ത്രണവും ഫലപ്രദമായി നടക്കുന്നുണ്ട്. ഇസ്‌ലാമിക വിശ്വാസപ്രകാരം ഗർഭനിരോധനം അംഗീകരിക്കാനാവില്ല എന്ന് ചില പുരോഹിതന്മാർ പറഞ്ഞിരുന്നു. എന്നാൽ ഇസ്‌ലാമിക ലോകം ഈ വാദത്തിന് കാര്യമായ വില കൽപിച്ചില്ല എന്നുതന്നെയല്ല,*

*ലോകരാജ്യങ്ങൾക്കാകെത്തന്നെ മാതൃകയാകും വിധം മികച്ച ഗർഭനിരോധന പ്രവർത്തനങ്ങളും കുടുംബാസൂത്രണ സംവിധാനങ്ങളും ഏർപ്പെടുത്തി ഇറാൻ ഈ രംഗത്ത് ഏറെ മുന്നോട്ടു പോവുകയും ചെയ്തു" (ആരോഗ്യമാസിക, ആഗസ്റ്റ്). പ്രതികരണം?*

***മുനീർ തുരുത്തി***

ഭൂമിയടക്കമുള്ള ഗോളങ്ങളെയും സകല ചരാചരങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവത്തിന്റെ പ്രകൃതിപരമായ ആസൂത്രണമാണ് യഥാർഥവും യുക്തിഭദ്രവുമായ ആസൂത്രണം. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്കൊക്കെയും ആവശ്യമായ വിഭവങ്ങൾ അവൻ ഒരുക്കിയിട്ടുണ്ട്. തലമുറകളുടെ ആയുസ്സും നിർണയിച്ചിട്ടുണ്ട്. ബുദ്ധിയിലൂടെയും അധ്വാനത്തിലൂടെയും പ്രകൃതിവിഭവങ്ങൾ കണ്ടെത്തിയും വളർത്തിയും ജീവിതം പരമാവധി സന്തോഷകരമാക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. കൃത്രിമമായി എണ്ണം ചുരുക്കുകയല്ല, വിഭവ സമാഹരണവും വിതരണവും നീതിപൂർവമാക്കുകയാണ് പ്രശ്നപരിഹാരം. ഇതാണ് ഇസ്ലാമിന്റെ കാഴ്ചപ്പാട്. ദാരിദ്ര്യം ഭയന്ന് മക്കളെ കൊല്ലരുതെന്നും അവർക്കും നിങ്ങൾക്കും ആഹാരം തരുന്നത് നാമാണെന്നും അല്ലാഹു പറയുന്നു. പിറക്കാനിരിക്കുന്ന മക്കൾക്കും ഈ തത്ത്വം ബാധകമാണ്.

എന്നാൽ മാതാക്കളുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് പ്രസവങ്ങളുടെ ഇടവേള വർധിപ്പിക്കുന്നതും അനിവാര്യമായാൽ ഗർഭധാരണം തടയുന്നതും തെറ്റല്ലെന്ന് മതപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## റമദാനിലെ ഭക്ഷണ വിൽപന

■ *വിശുദ്ധ റമദാനിൽ മുസ്ലിംകൾ ഭൂരിപക്ഷമുള്ള നഗരങ്ങളിൽ ഹോട്ടലുകളും ടീഷോപ്പുകളും പകൽ സമയങ്ങളിൽ തുറന്നു പ്രവർത്തിക്കാറില്ല. ചെറിയ കൂൾബാറുകളും ടീഷോപ്പുകൾ പോലും ഭക്ഷണപാനീയങ്ങൾ വിൽക്കുകയില്ല. മുസ്ലിംകളുടെ കടകൾ തുറക്കാതിരിക്കുന്നതു കൊണ്ടു യാത്രക്കാരായ അമുസ്ലിം സുഹൃത്തുക്കൾക്കു ദാഹത്തിനു വെള്ളം കിട്ടാത്ത അവസ്ഥപോലും അത്തരം കേന്ദ്രങ്ങളിൽ ഉണ്ട്. ബഹുമത സമൂഹത്തിൽ (മഴവിൽ സമൂഹത്തിൽ) അമുസ്ലിം സ്ത്രീപുരുഷന്മാർക്കു റമദാൻ മാസത്തെ പകൽ സമയങ്ങളിൽ ലഘു ഭക്ഷണ-പാനീയങ്ങൾ വിൽക്കുന്നതു ദീനീപരമായ കാഴ്ചപ്പാടിൽ വിരോധിക്കേണ്ടതുണ്ടോ?*

***അബ്ദുൽകരീം ഊരാറ്റുപേട്ട***

ഒരാളെയും അയാളുടെ വിശ്വാസത്തിനെതിരെ പ്രവർത്തിക്കാൻ നിർബന്ധിച്ചുകൂടാ. റമദാനിന്റെ സംശുദ്ധി നിലനിർത്താനും ദുരുപയോഗം തടയാനുമാവാം മുസ്ലിം കച്ചവടക്കാർ പകൽ സമയത്തെ ഭക്ഷണ-പാനീയ വിൽപന വേണ്ടെന്ന് വെക്കുന്നത്. കുപ്പിയിലാക്കിയ കുടിവെള്ളവും പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളും മാർക്കറ്റിൽ സുലഭമായിരിക്കെ മുസ്ലിം ഭൂരിപക്ഷ നഗരങ്ങളിൽ റമദാൻ പകലുകളിൽ കടുത്ത ഭക്ഷ്യ പ്രതിസന്ധി ഉണ്ടോ? യാത്രക്കാർ പുറപ്പെടുന്നതിനു മുമ്പേ ഭക്ഷണ-പാനീയങ്ങൾ കരുതിയാലും പ്രശ്നം പരിഹരിക്കാം. അമുസ്ലിം കടകൾ അത്ര ദുർലഭമല്ലെന്നതും മറ്റൊരു വസ്തുതയാണ്. റമദാനിലെ ആഹാര വിൽപനയെക്കുറിച്ച മതവിധി മതപണ്ഡിതന്മാരാണ് നൽകേണ്ടത്.

## സാമ്രാജ്യത്വ വിരോധം കാപട്യമോ?

■ *ഇസ്ലാമിന്റെ മുഖ്യ ശത്രു സാമ്രാജ്യത്വമാണല്ലോ? സാമ്രാജ്യത്വ വിരോധത്തിന്റെ ഭാഗമായി പ്രസ്ഥാനവും അതിന്റെ പോഷക വിഭാഗങ്ങളുമെല്ലാം കൊട്ടിഘോഷിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഉത്പന്ന ബഹിഷ്കരണത്തിന് ഇപ്പോഴും പ്രസക്തി ഉണ്ടോ? ഇത് ആഹ്വാനം ചെയ്യുന്നവർ തന്നെ അതിന്റെ ഉൽപാദനത്തിലും വിതരണത്തിലും സജീവമായാലോ? ഈ ഉൽപന്ന ബഹിഷ്കരണം വെറും കാപട്യമാണോ?*

***നൗഫൽ റഹ്മാൻ ദമ്മാം***

സാമ്രാജ്യത്വ വിരോധം ഉൽപന്ന ബഹിഷ്കരണത്തിൽ മാത്രം ഒതുങ്ങുന്നതല്ല, ഇന്നത്തെ സാഹചര്യത്തിൽ കുത്തകകളുടെ ഉൽപന്നങ്ങളെ പൂർണമായി ബഹിഷ്കരിക്കുക പ്രായോഗികവും അല്ല. അഫ്ഗാൻ, ഇറാഖ് അധിനിവേശങ്ങൾ പോലുള്ള കടുത്ത നടപടികളുണ്ടാവുമ്പോൾ പ്രതിഷേധ സൂചകമായി പ്രഖ്യാപിക്കുന്ന ഉൽപന്ന ബഹിഷ്കരണം ശാശ്വതമായി തുടരാൻ തടസ്സങ്ങളുണ്ട്. മരുന്ന് ഉൾപ്പെടെ ഒട്ടേറെ ഉൽപന്നങ്ങൾ കുത്തക കമ്പനികളുടേതാണ് എന്നതാണൊരു പ്രശ്നം. സ്വദേശി കമ്പനികളും കുത്തകകളോ ബഹുരാഷ്ട്ര കുത്തകകളോട് സഹകരിക്കുന്നവയോ ആണെന്നതാണ് രണ്ടാമത്തെ പ്രശ്നം. അതിനാൽ സാധ്യമായേടത്തോളം കുത്തക ചരക്കുകൾ ഉപേക്ഷിക്കുകയും മെച്ചപ്പെട്ട ബദലിന് വേണ്ടി പരമാവധി പ്രയത്നിക്കുകയും ചെയ്യുകയാണ് പോംവഴി. കോളകളുടെയും സിഗരറ്റിന്റെയും ഉൽപാദനവും സംഭരണവും വിതരണവും വേണ്ടെന്നുവെക്കാൻ ഇഛാശക്തി മാത്രമേ ആവശ്യമുള്ളൂ. ഒട്ടേറെ ആഡംബര വസ്തുക്കളുടെ കാര്യത്തിലും ഇതാണ് ശരി. ലളിത ജീവിതം ഒരു ശൈലിയാക്കുന്നതിൽ ഇസ്ലാമിക പ്രവർത്തകർ പോലും വേണ്ടപോലെ വിജയിക്കുന്നില്ല. ■